...HED
24/11/21...

9/11/2021


## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


## ഹർജി നമ്പർ **AP No.192(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*2186/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സുബ്രഹ്മണിയൻ കെ.കെ.,
കണ്ണാന്തറ വീട്ടിൽ,
തെക്കൻ മാലിപ്പുറം,
അഴിക്കൽ പി.ഒ., വൈപിൻ,
എറണാകുളം -682 508 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്,
   മാലിപ്പുറം പി.ഒ., എറണാകുളം-682511
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസി. ഡയറക്ടർ,
   എറണാകുളം

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.01.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.03.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.03.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 02.11.2021 & എറണാകുളം |

| | |
|---|---|
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.കെ. സുബ്രഹ്മണിയൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 17.10.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, ശ്രീ. ഷാജഹാൻ എന്നയാൾ ഇപ്പോൾ താമസിക്കുന്ന കെട്ടിടത്തിന്റെ ആകയുള്ള വിസ്തീർണ്ണം പഞ്ചായത്ത് രേഖകൾ പ്രകാരം എത്രയാണെന്നും ടി കെട്ടിടത്തിനായി ശ്രീ. ഷാജഹാൻ ടി പഞ്ചായത്തിൽ കെട്ടിട നികുതി അടയ്ക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര തുകയാണ് അടക്കുന്നതെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിനാൽ ടിയാൻ 17.12.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി 16.11.2020 ൽ മറുപടി

നൽകിയിരുന്നുവെന്ന് ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് പരിശോധിച്ചതിൽ നിന്നും മനസിലാകുന്നുവെന്നും കൂടാതെ എസ്.പി.ഐ.ഒ. റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും വീണ്ടും ഹർജിക്കാരന് മറുപടിയുടെ പകർപ്പ് 29.12.2020 ൽ അയച്ചു നൽകിയിരുന്നുവെന്നും ഡെസ്പാച്ച് രജിസ്റ്ററിന്റെ കോപ്പി ഉള്ളടക്കം ചെയ്തിരുന്നുവെന്നും ടി മറുപടിയിൽ പരാമർശിച്ചിട്ടുള്ളതുപോലെ പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റ് ഫയൽ ഹർജികക്ഷിക്ക് പരിശോധിനക്ക് സജ്ജമാക്കി വെക്കുന്നതിന് എസ്.പി.ഐ.ഒ. ക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നുമാണ്.

3. ഒന്നാം എതിർകക്ഷി 20.10.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരന്റെ 19.10.2020 ലെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 16.11.2020 ൽ A6–8622/2020 dtd 13.11.2020 എന്ന നമ്പരായി മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ അപ്പീൽ അപേക്ഷയിന്മേലുള്ള ADP-EKM/786/2020-PAI dtd.22.12.2020 നമ്പർ നോട്ടീസിന്മേൽ ടി ആഫീസിലെ 29.12.2020 ലെ എ3–9495/20 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെന്നും ടി നോട്ടീസ് കിട്ടിയ ഉടനെ തന്നെ 16.11.2020 ൽ അയച്ചിട്ടുള്ള മറുപടിയുടെ ഒരു പകർപ്പ് 29.12.2020 ൽ ഒരിക്കൽ കൂടി ടിയാന് അയച്ചു നൽകിയിട്ടുള്ളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ 17.10.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 13.11.2020 തീയതി മറുപടി നൽകിയതായി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച

റിപ്പോർട്ടിനൊപ്പം സമർപ്പിച്ച രേഖകളിൽ നിന്നും കാണുന്നു. കൂടാതെ 29.12.2020 ൽ വീണ്ടും ടി മറുപടിയുടെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകി എന്നു ഹിയറിംഗ് വേളയിലും ഒന്നാം എതിർകക്ഷി മൊഴി നൽകിയിരുന്നു. ടി രേഖകളും കമ്മീഷൻ മുമ്പാകെ ഹാജരാക്കിയതായി കാണുന്നു. ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ കരുതുന്നില്ല. എന്നിരുന്നാലും ഹർജികക്ഷിക്ക് മറുപടി ലഭ്യമായില്ല എന്നു പറയുന്ന സാഹചര്യത്തിൽ ഒരിക്കൽകൂടി ടി മറുപടി രജിസ്റ്റേർഡ് തപാലിൽ ഒന്നാം എതിർകക്ഷി അയച്ചു നൽകേണ്ടതാണ് എന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 09-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp